മാവൂർ കമ്പനിയിലെ മലിനജലത്തിന്റെ കുഴപ്പംകൊണ്ട് പമ്പിംഗ് നടക്കാറില്ല. ചാലിയാർ പുഴയിലാണെങ്കിൽ വെള്ളം കുറവുമാണ്. ഒരു കോടി ഗ്യാലൻ വെള്ളം പമ്പു ചെയ്യാൻ ശേഷിയുള്ള സ്കീമാണ് ഇതെങ്കിലും എൺപത് ലക്ഷം ഗ്യാലൻ മാത്രമാണ് ഇതുവരെ പമ്പ് ചെയ്തിട്ടുള്ളത്. ഈ സ്കീമിനോടനുബന്ധിച്ച് ഉണ്ടാക്കിയ എല്ലാ ടാങ്കുകളും ഇന്ന് ചോർച്ചയിലാണ്. പമ്പിംഗ് സ്റ്റേഷനിലെ പ്രധാന ബൂസ്റ്റർ സ്റ്റേഷൻ പോലും ഇന്ന് ചോർച്ചയിലാണ്. അവിടെ വിതരണത്തിന് കിട്ടുന്ന വെള്ളം കേവലം അൻപതു ലക്ഷം ഗ്യാലൻ മാത്രമാണ്. ഇന്നു തന്നെ കോഴിക്കോട് കോർപ്പറേഷൻ പ്രദേശത്ത് മാത്രം ഒരു കോടി അൻപതു ലക്ഷം ഗ്യാലൻ വെള്ളം ആവശ്യമുണ്ട്. ഇത് പരിഹരിക്കാൻ തയ്യാറാക്കിയ സ്കീമാണ് ഗ്രേറ്റർ കാലിക്കട്ട് വാട്ടർ സപ്ലൈ സ്കീം. പെരുവണ്ണാമൂഴിയിൽനിന്ന് വെള്ളം കൊണ്ടുവന്നാണ് ഈ സ്കീം പ്രവർത്തിപ്പിക്കുന്നത്. ബാലുശ്ശേരി, കൊടുവള്ളി, കുന്നമംഗലം—നിയോജകമണ്ഡലങ്ങളിലെ കുറെ ഭാഗങ്ങളും കോഴിക്കോട്-1, കോഴിക്കോട്-2, ബേപ്പൂർ നിയോജകമണ്ഡലങ്ങളിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെട്ടതാണ് ഇത്. എൽ.ഐ.സി. യിൽ നിന്നാണ് പണം കടമെടുത്ത് ഈ സ്കീം നടപ്പിലാക്കിയത്. ഈ സ്കീം എൽ.ഐ.സി. അംഗീകരിച്ചിരിക്കുന്നതാണ്. എൽ. ഐ. സി. യുടെ സഹായത്തോടുകൂടി കോഴിക്കോട് നടപ്പിലാക്കിയ അഴുക്കുചാൽ പദ്ധതിയും ഇന്ന് നിറുത്തിവച്ചിരിക്കുകയാണ്. 1933-ൽ തിരുവനന്തപുരത്ത് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വാട്ടർ സപ്ലൈ സ്കീമും ഒരു അഴുക്കുചാൽ പദ്ധതിയും നിലവിലുണ്ടായിരുന്നു. അത് കമ്മീഷൻ ചെയ്തിരുന്നു. പേപ്പാറയിൽനിന്ന് 2025-ാമാണ്ടിലേക്കുള്ള വെള്ളം കൂടി കൊടുക്കുന്നതിനുവേണ്ടി ഈ സ്കീം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1956-വരെ മദിരാശിയുടെ ഭാഗമായിരുന്ന കോഴിക്കോട് നഗരം എല്ലാ നിലയിലും അവഗണിക്കപ്പെട്ട പ്രദേശമായിരുന്നു. അതുമനസ്സിലാക്കി നാല്പതു കോടി രൂപയുടെ അടങ്കലുള്ള ഈ സ്കീം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചിരിക്കയാണ്. എത്രയും വേഗം അംഗീകാരം വാങ്ങി ഇന്നത്തെ വിലക്കയറ്റത്തിന്റെയും മറ്റും കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് വളരെ വേഗം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഈ പ്രശ്നത്തിന് മന്ത്രി പിന്നീട് മറുപടി തരുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) മട്ടാഞ്ചേരിയിലും പരിസര പ്രദേശങ്ങളിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അന്തരീക്ഷ മലിനീകരണം

ശ്രീ. കെ. എം. ഹംസക്കുഞ്ഞ് : സർ, മട്ടാഞ്ചേരിയിലും സമീപ പ്രദേശങ്ങളിലും അന്തരീക്ഷ മലിനീകരണംമൂലം ഉണ്ടാകുന്ന യാതനകളിലേക്കും പ്രയാസങ്ങളിലേക്കും ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുന്നതിനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്.

കഴിഞ്ഞ കുറെ നാളുകളായി കൊച്ചിയിലും പരിസര പ്രദേശങ്ങളിലും മൂടൽ മഞ്ഞുപോലുള്ള പുക നിമിത്തം അവിടത്തെ ജനങ്ങൾ പ്രയാസപ്പെടുന്നതു സംബന്ധിച്ചും എഫ്. എ. സി. ടി. യുടെ ഫാർബറിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അമോണിയം ടാങ്കിന്റെ അപകട സ്ഥിതിയെ സംബന്ധിച്ചും ഇതിനുമുമ്പും രണ്ടുമൂന്നു പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചിരുന്നതാണ്. ഇത്രയും കാലമായിട്ടും അതിനെക്കുറിച്ച് ഗൗരവമായി പരിഗണിക്കുന്നതിനോ അതിന് പരിഹാരമുണ്ടാക്കുന്നതിനോ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നീക്കവും ഉണ്ടായിട്ടില്ല. ഇതുമൂലം കൊച്ചിയിലെ ഭൂരിപക്ഷം ജനങ്ങളും നിത്യരോഗത്തിന് അടിമകളായിത്തീർന്നിരിക്കുകയാണ്. മിലിറ്ററി, നേവി, വിമാനത്താവളം ഇവയുള്ളതും ലക്ഷക്കണക്കിന് തുറമുഖത്തൊഴിലാളികളും തിങ്ങിപാർക്കുന്നതുമായ ഈ പ്രദേശത്ത് രാവിലെ എട്ടു മണി ആകുന്നതുവരെ വാഹനങ്ങളും ഓടിക്കുന്നതിനോ കാൽനടക്കാർക്ക് യാത്ര ചെയ്യുന്നതിനോ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കയാണ്. ഇന്നലെ ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഇതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അപ്രതീക്ഷിതമായുണ്ടാകുന്ന ഈ പുകമറമൂലം പല ദിവസങ്ങളിലും പ്ലെയിൻ ഇറങ്ങാതെ മടങ്ങിപോയിട്ടുണ്ട്. ആശുപത്രികളിൽ ചികിൽസയ്ക്കെത്തുന്ന രോഗികളിൽ അധികവും ആസ്ത്മാ രോഗികളാണ്. വില്ലിംഗ്ടൺ ഐലൻറിലുള്ള എഫ്. എ. സി. ടി. യുടെ അമോണിയം ടാങ്കിൽ നിന്നും കൊച്ചിയിലെ ഏലൂർ മേഖലയിലെ ഏതാനും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന മാലിന്യങ്ങളാണ് ഇതിനു കാരണം. ഐലൻറിലെ അമോണിയം ടാങ്ക് ലീക്ക് ചെയ്യുന്നതിനെ സംബന്ധിച്ച് പരാതിയുണ്ടാകാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. ഇപ്പോഴും അവിടെ ചെയ്തിരിക്കുന്നത് ആ ടാങ്കിന്റെ പുറത്ത് ഒരുകവറുണ്ടാക്കി അതിനു ഒരു വാൽവുണ്ടാക്കുകയും ആ വാൽവ് നഗരം ഉറങ്ങിക്കഴിയുമ്പോൾ തുറന്നു വിടുകയുമാണ്. ഉറക്കത്തിൽ വിഷംകൊടുക്കുന്ന സമ്പ്രദായത്തിലേക്ക് ആ പട്ടണത്തിലെ ജനങ്ങളെ എത്തിയിരിക്കുകയാണ്. ഇതിനെക്കുറിച്ച് ഗവൺമെൻറ് ഗൗരവമായി ആലോചിക്കണം. അവിടെയുള്ള രാഷ്ട്രീയ പ്രവർത്തകരും എല്ലാ രാഷ്ട്രീയ പാർട്ടികളുടെ ആളുകളും സാമൂഹ്യ സംഘടനകളിലെ ആളുകളും മുൻ ജഡ്ജിമാരും ഉൾപ്പെടെയുള്ള സംഘം കളക്ടറെ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞതിൽനിന്ന് ഞങ്ങൾക്ക് മനസിലായത് ഈ ടാങ്ക് വളരെ അപകടനിലയിലാണെന്നാണ്. അതിൽ അദ്ദേഹത്തിന് തർക്കമില്ല. ഇവിടെ ഒരു 'ടോപ്പാൽ' ആവർത്തിക്കപ്പെടും. അവിടെ അതിനുള്ള ബദൽ സംവിധാനങ്ങളില്ലാതിരുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഇവിടെ സർക്കാർ ആശുപത്രികളും നേവൽ ആശുപത്രികളും സ്വകാര്യ ആശുപത്രികളും വേണ്ടി വന്നാൽ സർക്കാർ വാഹനങ്ങളും സ്വകാര്യ വ്യക്തികളുടെ വാഹനങ്ങളും ഫിഷിംഗ് ബോട്ടും വരെ ബദൽ സംവിധാനത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. ഇതിന്റെ അപകടം ഏതു സമയത്തും ഉണ്ടാകുമെന്നും ഉദ്യോഗസ്ഥൻമാർപോലും കണക്കാക്കിയിരിക്കുകയാണ്. സർ സി. പി. യുടെ കാലത്ത് എഫ്. എ. സി. ടി. യിൽ നിന്നും വരുന്ന മലിന ജലം കടലിലേക്ക് തള്ളാൻ സംവിധാനങ്ങളുണ്ടായിരുന്നു. ജനകീയ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ആ സംവിധാനം നിർത്തി. അതുമൂലം ആയിരക്കണക്കിന് ഏക്കർ കൃഷി ഭൂമി നശിക്കുകയും ജനജീവിതം ദുസ്സഹമാവുകയും ചെയ്തിട്ടുണ്ട്. ഈ വക കാര്യങ്ങളും വളരെ ഗൗരവത്തിൽ എടുക്കുകയും പൊല്യൂഷൻ പോലെയുള്ള കാര്യങ്ങളും തീരുമാനിക്കുന്നതിന് മുമ്പുതന്നെ ഈ അമോണിയം ടാങ്കിന്റെ അപകട സ്ഥിതിയിൽ നിന്നും അവിടെയുള്ള ലക്ഷക്കണക്കിന് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നും സർക്കാരിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കേരളത്തിലെ വലുതും ചെറുതുമായ വ്യവസായങ്ങളുടെ ഒരു കേന്ദ്രമാണ് കൊച്ചി എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ പൊതുവേ ഈ ഒരു പരാതിയുണ്ട്. നമ്മുടെ കെമിക്കൽ ഇൻസ്റ്റ്റി റ്റ്യൂട്ടിന്റെ ഏതാണ്ട് 70 ശതമാനത്തോളം കൊച്ചിയിൽ തന്നെയാണ്. അതിൽ കൊച്ചിൻ റിഫൈനറീസ്, ട്രാവൻകൂർ–കൊച്ചിൻ കെമിക്കൽസ്, എഫ്.എ. സി.ടി., കാർബൺ കെമിക്കൽസ്, ഹിന്ദുസ്ഥാൻ ലിമിറ്റഡ് എന്നീ വ്യവസായശാലകളുംപ്പെടെയുള്ള വ്യവസായശാലകളിൽ നിന്ന് പുറത്തു പൊകുന്ന പൊടിയും വാഹനങ്ങളിൽക്കൂടിയുള്ള പൊടിയുമെല്ലാം കൂടി കൊച്ചി നഗരത്തിൽ വായുമലിനീകരണമുണ്ടാക്കുന്നുവെന്നുള്ളത് ഒരു സത്യമാണ്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി പൊല്യൂഷൻ കൺട്രോൾ ബോർഡ് ചില നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വേണ്ടി അതാത് മാനേജുമെൻറുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അവർക്ക് 1987-വരെയാണ് ഇതുസംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻവേണ്ടി കാലാവധി കൊടുത്തിട്ടുള്ളത്. പല ഫാക്ടറികളിലും അതിനു വേണ്ടതായ നടപടികളാരംഭിച്ചു കഴിഞ്ഞതായിട്ടാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. നിശ്ചയപ്രകാരം എല്ലാ നടപടികളും പൂർത്തീകരിക്കാൻ കഴിഞ്ഞാൽ ഇതിന് പരിഹാരമുണ്ടാകും. എഫ്.എ.സി.ടി. യെ സംബന്ധിച്ചു പറഞ്ഞ കാര്യത്തിൽ അവിടത്തെ സ്റ്റോറേജ് ടാങ്കിൽ നിന്ന് ലീക്കേജ് ഉള്ളതുകൊണ്ട് അപകടകരമാണെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. സർ,പൊതുതായി ലീക്കേജ് ഉണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ അത് അപകടകരമായിട്ടില്ലെന്ന് മാത്രമല്ല ഒരു വലിയ നിലയിൽ ഏതെങ്കിലും തരത്തിലുള്ള പൊട്ടിത്തെറിയുണ്ടാകുമെന്ന് വിദഗ്ദ്ധൻമാർക്ക് അഭിപ്രായമില്ല. എതായാലും ഈ കാര്യത്തിൽ എഫ്.എ.സി.ടി.യോട് വളരെ കരുതലോടുകൂടി പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈയടുത്ത കാലത്ത് അവിടെയുള്ള എല്ലാ വ്യവസായ മേഖലയിലുമുള്ള അധികൃതരെ വിളിച്ചുവരുത്തി ഞാൻതന്നെ സംസാരിക്കുകയുണ്ടായി. കൊച്ചിൻ റിഫൈനറീസിലുണ്ടായ അപകടത്തെ തുടർന്ന് ആ പ്രദേശത്തെ ആളുകളുടെയിടയിൽ വളരെ ഉൽക്കണ്ഠയുണ്ട്. വിശേഷിച്ച് മഞ്ഞുകാലത്ത് അവിടെയുള്ള മഞ്ഞിന്റെ നിറം വരെ മാറിയതായിട്ട് തോന്നുകയും അത് ജനങ്ങൾക്ക് അസ്വസ്ഥത ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. പൊടിയും ജലാശയവും എല്ലാംകൂടി ചേർന്നിട്ടുണ്ടാകുന്ന ആ മഞ്ഞ് പല ആളുകൾക്കും അസുഖമുണ്ടാക്കുകയും അസ്വസ്ഥതയുണ്ടാക്കുകയും ചെയ്യുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഇതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ചില ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അവർ എല്ലാ നടപടികളും സ്വീകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. 1987-ഓടുകൂടി ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

അതുപോലെതന്നെ സർ, വാഹനങ്ങളുടെ കാര്യത്തിലാണെങ്കിൽ ഏറ്റവും കൂടുതൽ വാഹനങ്ങളുള്ളത് കൊച്ചി നഗരത്തിലാണ്. അതുകൊണ്ട് വാഹനങ്ങളിൽ നിന്ന് പുറത്തേക്കു പോകുന്ന പുകമൂലമുണ്ടാകുന്ന പ്രകൃതി മലിനീകരണം തടയുന്നതിനുവേണ്ടി ചില നിയമപരമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് ഒരു നിയമം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ നിയമം പാസാക്കിക്കഴിഞ്ഞാൽ അത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. എം. ഹംസക്കുഞ്ഞ് : സർ, മറ്റുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു, സ്വല്പം ലീക്കുണ്ടെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അങ്ങനെ സമ്മതിക്കുമ്പോൾ അത് വളരെ അപകടകരമായ നിലയിൽ സ്ഥിതിചെയ്യുന്നതാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധൻമാരായ പലരുടേയും അഭിപ്രായം. എഫ്. എ. സി. ററി. ഐലൻറിലിരിക്കുന്ന അമോണിയം ടാങ്ക് അടിയന്തിരമായി നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. കെ. കരുണാകരൻ : ഞാൻ അതിനെയെല്ലാം സംബന്ധിച്ചാണ് ചർച്ച നടത്തിയത്. പക്ഷേ തൽക്കാലം അത് അപകടകരമല്ലെന്നാണ് മനസിലായത്. ഒന്നുകൂടി വിദഗ്ദ്ധൻമാരെക്കൊണ്ട് അത് പരിശോധിപ്പിക്കാം.

III സബ്മിഷൻ

(1) ഏററുമാനൂർ നിയോജകമണ്ഡലത്തിലെ മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡിന്റെയും പുത്തൻതോട് പാലത്തിന്റെയും പണി

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, ഏററുമാനൂർ നിയോജകമണ്ഡലത്തിൽപെട്ട ഏററവും പിന്നോക്കമുള്ള അർപ്പൂക്കര, അയ്മനം പ്രദേശങ്ങളും സഞ്ചാരത്തിനുവേണ്ടി ഏററവും കൂടുതൽ ബുദ്ധിമുട്ടുന്ന പ്രദേശങ്ങളാണ്. അയ്മനം പഞ്ചായത്തിൽ കല്ലുമട—കല്ലുങ്കത്തുറ റോഡിലുള്ള പുത്തൻതോട് പാലത്തെ സംബന്ധിച്ചിടത്തോളം രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തതാണ്. ആദ്യത്തെ പ്രാവശ്യം ടെണ്ടർ പിടിച്ചില്ല, രണ്ടാമത്തെ പ്രാവശ്യം 137 ശതമാനം എബൗ ആയി വന്നതുകൊണ്ട് നടന്നില്ല. അവിടെ തല്ക്കാലമായി സാധനങ്ങൾ എത്തിച്ചേരേണ്ട ഒരു പ്രദേശമെന്നുള്ള രീതിയിൽ പുത്തൻതോട് പാലത്തെ സംബന്ധിച്ചിടത്തോളം പതിനാറരലക്ഷം രൂപയുടെ എസ്ററിമേററ് തയ്യാറാക്കിയിട്ടുണ്ട്. അതിനുവേണ്ടി ബഡ്ജററിൽ നാലരലക്ഷം രൂപ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടാറിട്ട ഒരു റോഡുമില്ലാത്ത അർപ്പൂക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡിന് പതിനഞ്ചര ലക്ഷം രൂപയുടെ എസ്ററിമേററും ബഡ്ജററിൽ രണ്ടുലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 1983-ൽ അഡ്മിനിസ്ട്രേറീവ് സാംഗ്ഷൻ ലഭിച്ചെങ്കിലും സ്പെഷ്യൽ സാംഗ്ഷൻ ലഭിക്കാത്തതുകൊണ്ട് ടെണ്ടർ ചെയ്തില്ല. മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡും പുത്തൽതോട് പാലവും ടെണ്ടർ ചെയ്ത് പണികൾ നടത്തേണ്ടതാണ് ആ പ്രദേശത്തെ കക്ഷിഭേദമെന്യേ എല്ലാവരുടെയും ആഗ്രഹവും ആ പ്രദേശത്തിന്റെ വികസനത്തിന് ആവശ്യവുമാണ്. ഇതുരണ്ടിനും ബഡ്ജററിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് എം. എൽ. എ. റോഡുകളെ സംബന്ധിച്ചിടത്തോളം രണ്ടിനുംകൂടി എട്ടു ലക്ഷം രൂപ മാത്രം ചിലവഴിച്ച് പൂർത്തിയാക്കിയിട്ടുള്ളതാണ്. മററു നിയോജകമണ്ഡലങ്ങളിൽ ലക്ഷക്കണക്കിന് രൂപ ഉൾപ്പെടുത്തിയിട്ടുള്ള ഈ സാഹചര്യത്തിൽ മുപ്പതു ലക്ഷത്തിൽ താഴെ വരുന്ന പുത്തൻതോട് പാലവും അതുപോലെ തന്നെ മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡും ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡിന് 18,30,000 രൂപയുടെ എസ്ററിമേററിന് 16-7-1983-ൽ ഗവൺമെൻറ് ഭരണാനുമതിനൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly